**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1262** **07-12-2022 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള പാലിന്റെ ഗുണമേന്മ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും ദൈനംദിനം എത്ര ലിറ്റർ പാലാണ് സംസ്ഥാനത്ത് എത്തുന്നത് ;വിശദമാക്കുമോ; | (എ) | പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ്, തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എന്നിവിടങ്ങളിലെ ക്ഷീരവികസന വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾവഴി പ്രതി ദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാലാണ് കേരളത്തിലേയ്ക്ക് കടന്നു വരുന്നത്.<br><br>മിൽമ മേഖലാ യൂണിയനുകൾ വഴി സംഭരിക്കുന്ന പാലിന് പുറമേ വിപണി നിലനിർത്തുന്നതിന് ആവശ്യമായ പാൽ അയൽ സംസ്ഥാന ഫെഡറേഷനുകളിൽ നിന്നും മിൽമ വാങ്ങുന്നുണ്ട്. 2022 ഒക്ടോബറിലെ കണക്ക് അനുസരിച്ച് മിൽമ പ്രതി ദിനം ശരാശരി 2.86 ലക്ഷം ലിറ്റർ പാല് മറ്റു സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്. ആഭ്യന്തര ഉത്പ്പാദനം കുറയുകയും വിപണനത്തിൽ വർദ്ധനവ് ഉണ്ടാകുകയും ചെയ്ത സാഹചര്യത്തിലാണ് അയൽ സംസ്ഥാനങ്ങളിൽ നിന്നും മിൽമക്ക് പാൽ വാങ്ങേണ്ടി വന്നത്. |
| (ബി) | ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാൽ അതിർത്തികളിൽ പരിശോധിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടെങ്കിലും അതിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന വസ്തുത ഗൗരവമായി കണ്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നതുൾപ്പെടെ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തി വരുന്നുണ്ട്. ഓണം പോലുള്ള ഉത്സവ വേളകളിൽ ക്ഷീരവികസന വകുപ്പുമായി ചേർന്ന് ചെക്ക് പോസ്റ്റുകളിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ട് വരുന്ന പാൽ പരിശോധിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. 2020 ഏപ്രിൽ മുതൽ 2022 നവംബർ വരെ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന് സംസ്ഥാനത്ത് വിൽപ്പന നടത്തുന്നതുൾപ്പെടെയുള്ള പാലും പാലുൽപ്പന്നങ്ങളുടെയും 8117 പരിശോധനകൾ നടത്തുകയും 1115 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് |

| | | | |
|---|---|---|---|
| | | | ലാബ് പരിശോധനകൾ നടത്തിയതിൽ 40 സാമ്പിളുകൾ Unsafe ആയും പരിശോധന ഫലം ലഭിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ 26 പ്രോസിക്യൂഷൻ കേസുകളും, 52 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | (സി) ഗുണമേന്മയില്ലാത്തതിന്റെ പേരിൽ സംസ്ഥാനത്ത് നിരോധനം ഏർപ്പെടുത്തിയിട്ടുള്ള പാൽ കമ്പനികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | ഗുണമേന്മയില്ലാത്തതിന്റെ പേരിൽ സംസ്ഥാനത്ത് പാൽ ബ്രാന്റുകൾ നിരോധിച്ചിട്ടില്ല. |
| (ഡി) | (ഡി) നിരോധിക്കപ്പെട്ട പാൽ കമ്പനികൾ അടുത്ത ദിവസം തന്നെ പുതിയ നാമത്തിൽ പാൽ മാർക്കറ്റിലെത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ ? | (ഡി) | ഗുണമേന്മയില്ലാത്തതിന്റെ പേരിൽ സംസ്ഥാനത്ത് പാൽ ബ്രാന്റുകൾ നിരോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ